DESPATCHED
On 05/06/2020
17/3/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2659(2)/2015/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.18887/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.എം.സി രഘു
ഇലക്ട്രീഷൻ ഗ്രേഡ്-1
ഗവ.സെൻട്രൽ പ്രിസൺ പ്രസ്സ്
പൂജപ്പുര,തിരുവനന്തപുരം
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം-695001

2. അപ്പീൽ അധികാരി ആന്റ് ഡയറക്ടർ
അച്ചടി വകുപ്പ്
തിരുവനന്തപുരം-695 001

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.09.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.10.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 26.10.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 20.11.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.11.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15.12.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.12.2015,11.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08.01.2016,26.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 17.09.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ അച്ചടി വകുപ്പിൽ സീനിയർ ഗ്രേഡ് ഇലക്ട്രീഷ്യനായി ഇപ്പോൾ ജോലി ചെയ്തുവരുന്ന ശ്രീ. സി.വി. ബേബി ജോസഫ് ഏതു തീയതിയിലാണ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളത് എന്നും ഇനം 2 ൽ ഏതു ജില്ലയിലാണ് ശ്രീ. ബോബി ജോസഫിന് രണ്ടാം ഗ്രേഡ് ഇലക്ട്രീഷ്യനായി നിയമനം ലഭിച്ചിട്ടുള്ളത് എന്നും തുടങ്ങിയ 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 16.10.2015 ൽ നൽകിയ മറുപടിയിൽ 1,2 ഇനങ്ങൾക്ക് മറുപടി നൽകുകയും 3 മുതൽ 6 വരെയുള്ള വിവരങ്ങൾക്ക് സെക്ഷൻ ഓഫീസർ ലീവായതിനാൽ ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് അറിയിച്ചു. 28.10.2015 ന് നൽകിയ മറുപടിയിൽ 3 മുതൽ 6 വരെയുള്ള വിവരങ്ങൾക്ക് മറുപടി നൽകി.

4. ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 16.10.2015 ന് അപ്പീൽ സമർപ്പിക്കുകയും 20.11.2015 ന് അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.

5. 08.01.2016 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെന്നും, 4,6 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ഡെപ്യൂട്ടി സൂപ്രണ്ട്, ഷൊർണ്ണൂർ ഗവ. പ്രസ്സ് നേരിട്ട് അയച്ചിട്ടുള്ളതും, 26.10.2015 ന് സമർപ്പിച്ച അപ്പീലിന് 20.11.2015 ന് അപ്പീൽ അധികാരി നൽകിയിട്ടുണ്ടെന്നുമാണ് ബോധിപ്പിച്ചത്. 26.11.2019 ന് സമർപ്പിച്ച റിപ്പോർട്ടിലും വിവരങ്ങൾ സമയബന്ധിതമായി നൽകിയതായി ബോധിപ്പിച്ചു.

6. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് ആദ്യം പൂർണ്ണമായ മറുപടി നൽകിച്ചില്ലെന്നത് എസ്.പി.ഐ.ഒ യ്ക്ക് പറ്റിയ തെറ്റായി കമ്മീഷൻ വീക്ഷിക്കുകയും എന്നാൽ ലഭ്യമായ ഉടൻ മറുപടി നൽകിയതായി കാണുന്നതിനാൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന നിർദ്ദേശത്തോടെ ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res

RIGHT TO INFORMATION